സർക്കാർ ധനസഹായത്താൽ നിർമ്മിക്കുന്ന വീടുകൾക്ക് പഞ്ചായത്തുകളിൽ നിന്നും കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള തടസ്സം

278(4564) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്ഷേമ വകുപ്പിൽനിന്നും വൈപ്പിൻ മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനായി പണം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) വീട് നിർമ്മാണം പൂർത്തിയാക്കുന്നതിനും കെട്ടിട നമ്പരിട്ട് കിട്ടുന്നതിനും ഗുണഭോക്താക്കൾക്ക് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) സർക്കാർ ധനസഹായത്താൽ നിർമ്മിക്കുന്ന വീടുകൾക്ക് പഞ്ചായത്തുകളിൽ നിന്നും വീട്ട് നമ്പർ ലഭിക്കുന്നതിന് തടസ്സം നേരിടുന്നതായി ചൂണ്ടിക്കാണിച്ചുകൊണ്ട് എത്ര പരാതികളാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതിക്ഷേമ വകുപ്പിൽനിന്നും ഭവന നിർമ്മാണ പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽ അനുവദിച്ച വീടുകളുടെ വിവരം ചുവടെ ചേർക്കുന്നു:

വർഷം	ഗുണഭോക്താക്കളുടെ എണ്ണം
2011-12	16
2012-13	42
2013-14	30
2014-15	20
ആകെ	108

(ബി) ഉണ്ട്. വൈപ്പിൻ നിയോജകമണ്ഡലത്തിലെ കുഴുപ്പിള്ളി, മുളവുകാട് പഞ്ചായത്തിലെ 4 ഗുണഭോക്താക്കൾക്ക് പഞ്ചായത്തിൽ നിന്നും NOC ലഭിക്കാത്തതിനാൽ കൈപ്പറ്റിയ ഒന്നാം ഗഡു തുക ഉപയോഗിച്ച് ഭവന നിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കുന്നതിന് സാധിക്കുന്നില്ല. പ്രസ്തുത പ്രദേശങ്ങളിൽ തീരദേശ പരിപാലന നിയമം ബാധകമായതിനാലാണ് പഞ്ചായത്തിൽ നിന്നും NOC ലഭ്യമാകാത്തത്.

(സി & ഡി) പട്ടികജാതി വികസന വകുപ്പിന് ഇക്കാര്യത്തിൽ നേരിട്ട് നടപടികളൊന്നുംതന്നെ സ്വീകരിക്കാനില്ല.

വിദ്യാജ്യോതി, വാത്സല്യ നിധി, സ്തുതിവനം പദ്ധതികൾ

279 (4565) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 പ്രകാരം നടപ്പാക്കുന്ന പദ്ധതികൾ തുടങ്ങുന്നതിനും പൂർത്തീകരിക്കുന്നതിനും സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സമയ പരിധിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വിദ്യാജ്യോതി, വാത്സല്യ നിധി, സ്തുതിവനം പദ്ധതികൾക്കായി 2014-15 ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതി തിരിച്ച് തുകയുടെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഈ പദ്ധതികൾക്കായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് പദ്ധതി തിരിച്ച് പറയാമോ?

ഉത്തരം

(എ&ബി) സമയബന്ധിതമായി പൂർത്തിയാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്.

(സി & ഡി) ഈ പദ്ധതികൾക്കായി ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. എന്നാൽ വാത്സല്യനിധി പദ്ധതി നടപ്പിലാക്കുന്നതിനായി ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 2225-01-102-95 (പ്ലാൻ) എന്ന ശീർഷകത്തിൽ 1000 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാജ്യോതി പദ്ധതിയുടെ ഭാഗമായി സർക്കാർ - എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന 1,85,000 പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിനായി 37 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതി ഹൈസ്കൂൾ വിഭാഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly